## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:5026** — 27/06/2019- **ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.ബാബു** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ചികിത്സാ സഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവു മായ അപേക്ഷകളുടെ മുൻഗണനയും അടിയ ന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനു വദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് വരുന്നുണ്ട്. വിതര ണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നി ട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,000 രൂപ വരെ ധനസഹായം അനു വദിക്കുന്നതിന് ജില്ലാ കളക്ടർമാരെയും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. തുക അനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്കും ബന്ധ പ്പെട്ട തഹസിൽദാർമാർക്കും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കുന്ന തുക അപേക്ഷ കന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതി നായി Direct Beneficiary Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. തുക അനു വദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ധനകാര്യ വകുപ്പിന്റെ കീഴിൽ, മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസനിധിയുടെ ടെക്നിക്കൽ സപ്പോർട്ട് സെൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |
| (ബി) ഏതെല്ലാം അസുഖങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | വൃക്ക, കരൾ, ഹൃദയം, തലച്ചോറ്, നാഡീവ്യൂഹം എന്നിവ സംബന്ധിച്ച മാരകരോഗങ്ങളും, ക്യാൻസറും അടക്കം ഏറിയ ചികിത്സാചിലവ് വരുന്ന അസുഖങ്ങൾക്കൊക്കെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**